## സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം -സാങ്കേതിക.-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - പർച്ചേസ് സെക്ഷൻ- ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ.പോളി ടെക്നിക് കോളേജിലെ വിവിധ അറ്റകുറ്റപണികൾ നടത്തുന്നതിനായുള്ള ഭരണാനുമതി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പർച്ചേസ് (എ) വിഭാഗം

നം: D4/52634/22/ഡി.ടി.ഇ    തിരുവനന്തപുരം , തീയതി: 20.11.2023

---

വായന:- 1.26/06/2023 ലെ ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളി ടെക്നിക് കോളേജിലെ പ്രിൻസിപ്പലിന്റെ കത്ത് നം. ബി2/5836/ഐ പിടി &ജിപിടിസി

2.ഷൊർണ്ണൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയരുടെ എസ്റ്റിമേറ്റ് നം.PWD/BLDG/EST/11357/2023_5_1_1.

3.09/10/2023 ലെ പർച്ചേസ് കമ്മിറ്റി മിനിറ്റ്സ്.

**ഉത്തരവ്**

ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളി ടെക്നിക് കോളേജിലെ പ്രിൻസിപ്പലിൻറെ ക്യാബിനോടു ചേർന്ന് സ്ഥിതി ചെയ്യുന്ന വാഷ് റൂമിൻറെ അറ്റകുറ്റപ്പണി,പഴയ മെക്കാനിക്കൽ എഞ്ചിനീയറിങ് വർക്ക്ഷോപ്പ് റൂം 2 ക്ലാസ്സ് റൂമുകളായി മാറ്റുന്ന പ്രവർത്തി,സ്ഥാപനത്തിലെ പഴയ വാഷ് ഏരിയ ഭിന്നശേഷിക്കാരിയായ വിദ്യാർത്ഥികൾക്കായി പുനർനിർമ്മിക്കുന്ന പ്രവർത്തി,എന്നിവ ഏകീകരിച്ചു ലഭ്യമായ **15,00,000/- (പതിനഞ്ച് ലക്ഷം രൂപ )** രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി വായന (1) പ്രകാരം സ്ഥാപനമേധാവി സമർപ്പിച്ചിരിക്കുന്നു.

വായന (2) പ്രകാരം ഷൊർണ്ണൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയർ സ്ഥാപനത്തിലെ വിവിധ അറ്റകുറ്റപ്പണികൾക്കായി **15,00,000/- (പതിനഞ്ച് ലക്ഷം രൂപ )** രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

വായന (3) പ്രകാരം ഈ കാര്യാലയത്തിൽ 09 /10/2023 ൽ ചേർന്ന പർച്ചേസ് കമ്മിറ്റിയിൽ ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളി ടെക്നിക് കോളേജിലെ വിവിധ അറ്റകുറ്റപണികൾക്കായി സമർപ്പിച്ച 15,00,000/- രൂപയുടെ പ്രൊപ്പോസൽ പരിഗണിക്കുകയും പ്രസ്തുത പ്രവർത്തി ചെയ്യുന്നതിനായി ഭരണാനുമതി അനുവദിക്കുന്നതിനായി കമ്മിറ്റി തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ ഷൊർണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളി ടെക്നിക് കോളേജിലെ പ്രിൻസിപ്പലിൻറെ ക്യാബിനോടു ചേർന്ന് സ്ഥിതി ചെയ്യുന്ന വാഷ് റൂമിൻറെ അറ്റകുറ്റപ്പണി,പഴയ മെക്കാനിക്കൽ എഞ്ചിനീയറിങ് വർക്ക്ഷോപ്പ് റൂം 2 ക്ലാസ്സ് റൂമുകളായി മാറ്റുന്ന പ്രവർത്തി,സ്ഥാപനത്തിലെ പഴയ വാഷ് ഏരിയ ഭിന്നശേഷിക്കാരിയായ വിദ്യാർത്ഥികൾക്കായി പുനർനിർമ്മിക്കുന്ന പ്രവർത്തി,എന്നിവ ഏകീകരിച്ചു ചെയ്യുന്നതിനായി **15,00,000/- (പതിനഞ്ച് ലക്ഷം രൂപ )** രൂപയുടെ ഭരണാനുമതി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത പ്രവർത്തി നിലവിലെ സർക്കാർ ചട്ടങ്ങൾ പാലിച്ചു ചെയ്യേണ്ടതാകുന്നു.

പ്രസ്തുത ചിലവിന് ആവശ്യമായ തുക "2203-00-105-79-17 MW PLAN" ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

**നിബന്ധനകൾ**

- ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സമയബന്ധിതമായി നിർമാണം പൂർത്തിയാക്കേണ്ടതാണ്.
- ഫീൽഡ് സ്ഥാപനവും നിർവാഹകണ ഏജൻസിയും സംയുകതമായി മൂന്നു മാസത്തിൽ

Draft #5 of File D4/52634/22/DTE Approved by Director (in-charge) on 20-Nov-2023 11:03 PM - Page 1

ഒരിക്കൽ, പ്രസ്തുത പ്രവർത്തി പൂർത്തിയാക്കുന്നത് വരെ അവലോകനം നടത്തേണ്ടതാണ്.

- പ്രവർത്തി പൂർത്തിയാക്കിയതിന് ശേഷം, ധന വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1. പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിൻറിംഗ് ടെക്നോളജി & ഗവ. പോളി ടെക്നിക് കോളേജ് ഷൊർണ്ണൂർ
2. അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം, ഷൊർണ്ണൂർ
3. അക്കൌണ്ടൻറ് ജനറൽ (A&E), കേരള , തിരുവനന്തപുരം
4.സൂപ്രണ്ട്, ഫിൻ (A) സെക്ഷൻ
5.ഓഫീസ് പകർപ്പ്.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 20.11.2023
Reason: Approved

Draft #5 of File D4/52634/22/DTE Approved by Director (in-charge) on 20-Nov-2023 11:03 PM - Page 2

The document is digitally approved. Hence signature is not needed.